"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റവും നിയമനവും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.38/2026/LBR തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:- 1. സ.ഉ(അച്ചടി)നം.102/2025/തൊഴിൽ, തീയതി 11.11.2025.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 17.11.2025 ലെ ഇ5-3142/2023/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രമോഷന് യോഗ്യരായ ഓഫീസർമാരുടെ 2025 ലെ സെലക്ട് ലിസ്റ്റ് അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഓഫീസറുടെ സ്ഥാനക്കയറ്റത്തിനുള്ള ശുപാർശ പരാമർശം (2) ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലെ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി. സുജ.ജെ യെ 1958 ലെ കേരള സ്റ്റേറ്റ് & സബോഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം- II, ചട്ടം 28 (b) (i) പ്രകാരം 55200-115300 രൂപ ശമ്പള സ്കെയിലിൽ റെഗുലർ അടിസ്ഥാനത്തിൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ (സി.ഡി) ആശുപത്രിയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീമതി. സുജ.ജെ, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 13-01-2026 10:24:55
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.